## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1040 — 01.07.2015 -ലെ മറുപടിയ്ക്ക്

# റൂസ (RUSA) നടപ്പാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ. വാഹീദ്<br>,, ഹൈബി ഈഡൻ<br>,, ടി.എൻ. പ്രതാപൻ<br>,, വി.പി.സജീന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | റൂസ (RUSA) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | 'റൂസ' പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരു സമ്മതപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ലക്ഷ്യങ്ങൾ, നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതം എന്നിവ വിശദമാക്കുമോ; | (ബി) | 18 നും 23 നും ഇടയ്ക്ക് പ്രായമുള്ള ഇന്ത്യൻ ജനതയുടെ ഉന്നത വിദ്യാഭ്യാസ പ്രവേശനം നിലവിലുള്ള 19.4% ൽ നിന്നും 13-ാം പദ്ധതികാലത്തിനകം 34% ആയി ഉയർത്തുക, Access, Equity, Excellance എന്നിവ മുൻനിർത്തി നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അധ്യാപകരുടെയും നിലവാരം ഉയർത്തുക, വിദ്യാഭ്യാസ-പരീക്ഷാ പരിഷ്കാരം നടപ്പിലാക്കുക, നിലവിലുള്ള തെരെഞ്ഞെടുത്ത കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുക, പിന്നോക്ക വിഭാഗങ്ങൾ /വനിതകൾ /ഭിന്നശേഷിയുള്ളവർ എന്നിവർക്ക് ഉന്നത വിദ്യാഭ്യാസരംഗത്ത് തുല്യത ഉറപ്പാക്കുക, ഗവേഷണങ്ങൾക്കും നൂതന ആശയങ്ങൾക്കും പ്രാമുഖ്യം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഈ പദ്ധതിയുടെ നടത്തിപ്പിന് 65% കേന്ദ്ര വിഹിതവും 35% സംസ്ഥാന സർക്കാർ വിഹിതവും |

| | | | |
|---|---|---|---|
| | | | ആണ്. |
| (സി) | പദ്ധതി നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | ഹയർ എഡ്യൂക്കേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു പ്രോജക്ട് ഡയറക്ടറേയും അദ്ദേഹത്തിനെ സഹായിക്കാനായി ഒരു സെല്ലും രൂപീകരിച്ചിട്ടുണ്ട്. 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 1133.56 കോടി രൂപയുടെ ശുപാർശകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ റൂസ മിഷൻ ചില വിശദീകരണങ്ങൾ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പുതുക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റൂസ ഫണ്ട് നിക്ഷേപിക്കുന്നതിനായി കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. റൂസ പദ്ധതിയ്ക്ക് വേണ്ടി കേന്ദ്രവിഹിതം ഉൾപ്പെടെ 10,35,00,000/- രൂപ 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**